# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 360

## 26.04.2017 ലെ മറുപടിക്ക്

## എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് 27.05.2004 ലെ സ.ഉ.(പി) നം. 247/2004/ധന ഉത്തരവിൽ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 20.11.2009 ലെ സ.ഉ.(പി) നം. 518/2009/ധന. പ്രകാരം ജില്ലാ കളക്ടറും നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികളും അംഗങ്ങളായിട്ടുള്ള ഒരു കൺസൽട്ടേറ്റീവ് കമ്മിറ്റി ജില്ലാ തലത്തിൽ രൂപവത്കരിക്കുകയും പ്രവൃത്തികളുടെ പുരോഗതി മേൽനോട്ടം നടത്തുകയും ചെയ്യണമെന്ന് ഉത്തരവായിട്ടുണ്ട്. 21.06.2012-ലെ സർക്കുലർ നം. 40/2012/ധന. പ്രകാരം പ്രതിമാസ ചെലവ് സ്റ്റേറ്റ്മെന്റ് അടുത്ത മാസം 5-ാം തീയതിയ്ക്ക് മുമ്പ് തന്നെ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും 04.06.2013-ലെ സർക്കുലർ നം. 50/2013/ധന. പ്രകാരം എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകൾ നാലു മാസത്തിലൊരിക്കൽ അതാതു ജില്ലകളിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (ബി) | ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി ബാങ്ക് അക്കൗണ്ടുകളുണ്ടോ; | ഇല്ല |
| (സി) | ഇല്ലെങ്കിൽ മണ്ഡലാടിസ്ഥാനത്തിൽ ട്രഷറി ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഒരു ജില്ലയിലെ എല്ലാ മണ്ഡലങ്ങൾക്കുമായി എം.എൽ.എ. എസ്.ഡി.എഫ്.-ൽ അനുവദിക്കുന്ന തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ പേരിൽ ഒരു റ്റി.എസ്.ബി. അക്കൗണ്ടാണ് ആരംഭിച്ചിട്ടുള്ളത്. ഓരോ എം.എൽ.എ. യ്ക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും സൂക്ഷിക്കുന്നുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നത് പ്രായോഗികമല്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്